## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3099** **07-02-2018 ൽ മറുപടിക്ക്**

### പട്ടയം നൽകിയ പട്ടികജാതി കോളനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.ആൻസലൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പട്ടയം നൽകിയ പട്ടികജാതി കോളനികൾ ഏതൊക്കെയാണ്; എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പട്ടികജാതി കോളനികളിൽ പട്ടയം നൽകിയിട്ടില്ല. |
| (ബി) | മണ്ഡലത്തിൽ പൊഴിയൂർ തീരദേശ പ്രദേശത്തെ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;എത്ര പേർക്ക് നൽകാനുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊഴിയൂർ തീരപ്രദേശത്തു നിന്നും 186 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | 2018 വർഷത്തിൽ, പട്ടയം ലഭിക്കാത്ത മുഴുവൻ പേർക്കും പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ അപേക്ഷകരിൽ അർഹരായ എല്ലാപേർക്കും 2018 ൽ പട്ടയം നൽകാൻ സാധിയ്ക്കും. |
| (ഡി) | പട്ടയം നൽകുന്നതിനുള്ള റവന്യൂ വിഭാഗത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ? | (ഡി) | 1964 ലെ കേരള ഭൂമി പതിവ് നിയമ പ്രകാരമവും, 1995 ലെ മുനിസിപ്പൽ കോർപ്പറേഷൻ നിയമ പ്രകാരവുമുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായും, കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന വിജ്ഞാപനങ്ങൾക്കും പരിപത്രങ്ങൾക്കും അനുസൃതമായാണ് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**